ഭരണഭാഷാ മാതൃഭാഷ

ജി.എച്ച്.പി.എം.ഡി :09/2026


വിനോദസഞ്ചാര വകുപ്പ്
സർക്കാർ അതിഥി മന്ദിരം
പീരുമേട് -685531
ഫോൺ -04869 232071
ghpeerumedu@kerlatourism.org

തിയതി-30/01/2026

പ്രേക്ഷകൻ

മാനേജർ

സ്വീകർത്താവ്

ഡയറക്ടർ
വിനോദസഞ്ചാര വകുപ്പ്
പാർക്ക് വ്യൂ
തിരുവനന്തപുരം

സർ,

**വിഷയം:സർക്കാർ അതിഥി മന്ദിരം,പീരുമേട് -പൂന്തോട്ട പരിപാലനം പുനർ ദർഘാസ് നടത്തുന്നതിന് വകുപ്പിലെ വെബ്സൈറ്റിൽ ടെൻഡർ പരസ്യം പ്രസിദ്ധപ്പെടുത്തുന്നത് സംബന്ധിച്ച്.**

**സൂചന:വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 22/01/2026 ലെ DOT/2644/2024-HA2 കത്ത്.**

മേൽ വിഷയത്തിലേക്കു അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.സർക്കാർ അതിഥി മന്ദിരം പീരുമേടിന്റെ പൂന്തോട്ട പരിപാലനം പുനർ ദർഘാസ് 16/02/2026 3:00 PM നടത്തുന്നതിന് വിനോദസഞ്ചാര വകുപ്പിന്റെ വെബ്സൈറ്റിൽ ദർഘാസ് പരസ്യം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ദർഘാസ് പരസ്യം കൂടി ഉൾപ്പെടുത്തിയിരിക്കുന്നു.

എന്ന്

വിശ്വസ്തതയോടെ

മാനേജർ

സർക്കാർ അതിഥി മന്ദിരം പീരുമേട് വിനോദ സഞ്ചാര വകുപ്പ്

**മാനേജർ**
**സർക്കാർ അതിഥി മന്ദിരം**
**പീരുമേട്**

**വിനോദസഞ്ചാര വകുപ്പ് സർക്കാർ അതിഥി മന്ദിരം, പീരുമേട്**
**പിൻ:685531 ഫോൺ:04869 232071,232291**
**ഇമെയിൽ :ghpeerumedu@keralatourism.org**

ജി.എച്ച്.പി.എം.ഡി :09/2026

തിയതി:30/01/2026

# പുനർ ദർഘാസ് പരസ്യം

ടൂറിസം വകുപ്പിന്റെ അധീനതയിലുള്ള പീരുമേട് സർക്കാർ അതിഥി മന്ദിരത്തിലെ പൂന്തോട്ടം ഒരു വർഷത്തേക്ക് പരിപാലിക്കുന്നതിനു പരിചയ സമ്പന്നരായ ഏജൻസികൾ/വ്യക്തികൾ നിന്നും മുദ്ര വച്ച ദർഘാസ് ക്ഷണിക്കുന്നു.

**ദർഘാസ് സംബന്ധിച്ച നിബന്ധനകൾ**

1.പൂന്തോട്ടം ഒരു വർഷത്തേക്ക് പരിപാലിക്കുന്നതിനുള്ള തുകയാണ് ദർഘാസിൽ രേഖപ്പെടുത്തേണ്ടത്.കവറിനു പുറത്ത് "പീരുമേട് സർക്കാർ അതിഥി മന്ദിരത്തിലെ പൂന്തോട്ടം പരിപാലിക്കുന്നതിനുള്ള ദർഘാസ് "എന്ന് രേഖപ്പെടുത്തേണ്ടതാണ്.

2.ദർഘാസ് 16/02/2026 ഉച്ചയ്ക്ക് 2:30 മണി വരെ പീരുമേട് സർക്കാർ അതിഥി മന്ദിരത്തിൽ നേരിട്ടോ തപാൽ മുഖേനയോ സ്വീകരിക്കുന്നതാണ്.

3.ദർഘാസിനോടൊപ്പം ദർഘാസ് ഫോറംനമ്പർ.1,ഫോറംനമ്പർ.2 ,നിരതദ്രവ്യമായി ഡയറക്ടർ വിനോദസഞ്ചാര വകുപ്പിന്റെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന 5000 രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് ഉണ്ടായിരിക്കണം.

4. അപേക്ഷ ഫോറം വില രൂപ 400(നാനൂറ്)കൂടാതെ അനുവദനീയമായ നികുതിയും

5.ദർഘാസുകൾ 16/02/2026 ഉച്ചയ്ക്ക് ശേഷം 3 മണിക്ക് പീരുമേട് സർക്കാർ അതിഥി മന്ദിരത്തിൽ വച്ച് തുറക്കുന്നതാണ്.ദർഘാസ് നൽകുന്നവർ തദവസരത്തിൽ ഹാജരാകേണ്ടതാണ്.ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയിരിക്കുന്ന ആളുടെ പേരിൽ ദർഘാസ് ഉറപ്പിക്കുന്നതിനായി ഡയറക്ടർ വിനോദസഞ്ചാര വകുപ്പിന്റെ അനുമതി ലഭിച്ചതിനു ശേഷം ദർഘാസ് സ്ഥിരപ്പെടുത്തുന്നതാണ്.അറിയിപ്പ് ലഭിച്ചാലുടൻ കരാർ നിബന്ധനകൾ ഒപ്പിടേണ്ടതാണ്.ദർഘാസ് സ്വീകരിക്കുന്നതിനും തുറക്കുന്നതിനും ദർഘാസ് സംബന്ധിച്ച് പൊതു നിബന്ധനകൾ ബാധകമായിരിക്കും.ദർഘാസ് സമർപ്പിക്കേണ്ട വിലാസം,മാനേജർ സർക്കാർ അതിഥി മന്ദിരം,പീരുമേട് ,പിൻ 685531.

6.കൂടുതൽ വിവരങ്ങൾക്കു പ്രവർത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ നിന്നോ വിനോദസഞ്ചാര വകുപ്പ് ജില്ലാ ഓഫീസ് കുമളി ഇടുക്കി (ഫോൺ:04869 222620) നിന്നോ നേരിട്ടോ ഫോൺ മുഖേനയോ അറിയാവുന്നതാണ്.

മാനേജർ

മാനേജർ
സർക്കാർ അതിഥി മന്ദിരം
പീരുമേട്

നോട്ടീസ് ബോർഡ്

പകർപ്പ് :1.ഡയറക്ടർ,വിനോദസഞ്ചാര വകുപ്പ് ,പാർക്ക് വ്യൂ,തിരുവനന്തപുരം

2 .ജോയിന്റ് ഡയറക്ടർ,എറണാകുളം

3.ഡെപ്യൂട്ടി ഡയറക്ടർ,ജില്ലാ ഓഫീസ് ,കുമിളി ഇടുക്കി

സർക്കാർ അതിഥി മന്ദിരം ★ പീരുമേട് ★ വിനോദ സഞ്ചാര വകുപ്പ്